**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2521** **21-01-2021 - ൽ മറുപടിയ്ക്ക്**

**ജലവൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് മുടങ്ങിക്കിടന്ന 3 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 60 MW ന്റെ പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം 40 MW ന്റെ തോട്ടിയാർ ജലവൈദ്യുത പദ്ധതി 6 MW ന്റെ ചാത്തൻകോട്ടുനട സ്റ്റേജ് II ചെറുകിട ജലവൈദ്യുത പദ്ധതി എന്നീ പദ്ധതികളാണ് ഇപ്രകാരം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | ഏതൊക്കെ പദ്ധതികളാണ് ഇപ്രകാരം പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നത്; ഓരോ പദ്ധതിയിലും എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും; | (ബി) | സംസ്ഥാനത്ത് മുടങ്ങിക്കിടന്ന 3 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 60 MW ന്റെ പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം 40 MW ന്റെ തോട്ടിയാർ ജലവൈദ്യുത പദ്ധതി 6 MW ന്റെ ചാത്തൻകോട്ടുനട സ്റ്റേജ് II ചെറുകിട ജലവൈദ്യുത പദ്ധതി എന്നീ പദ്ധതികളാണ് ഇപ്രകാരം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതികളുടെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ്; എന്നത്തേക്ക് പദ്ധതികൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി എന്ത് തുകയാണ് കെ.എസ്.ഇ.ബി. കണ്ടെത്തേണ്ടതെന്ന് അറിയിക്കാമോ? | (സി) | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് Letter of Acceptance നൽകിയിട്ടുണ്ട്. ആഗസ്റ്റ് 2021 ൽ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. തുക - 68.91 കോടി രൂപ (E&M) തോട്ടിയാർ ജലവൈദ്യുത പദ്ധതി ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ജോലികൾ ആരംഭിച്ചിട്ടുണ്ട്. ആഗസ്റ്റ് 2021 ൽ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. തുക - 43.15 കോടി രൂപ (E&M) ചാത്തൻകോട്ടുനട സ്റ്റേജ് II ചെറുകിട ജലവൈദ്യുത പദ്ധതി ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ച വരുന്നു. ആദ്യ മെഷീന്റെ ട്രയൽ റൺ |

| | | | |
|---|---|---|---|
| | | | 2021 ഫെബ്രുവരി മാസം നടത്താൻ ഉദ്ദേശിക്കുന്നു. തുക - 22.44 കോടി രൂപ (E&M) |

സെക്ഷൻ ഓഫീസർ